# അധികാരത്തിന്റെ നാട്ടുരാജാക്കൾ

കെ. അരവിന്ദാക്ഷൻ

ബഹുസ്വരതയാണ് ഏകസ്വരത്തേക്കാൾ അഭികാമ്യമെന്നതിൽ തർക്കമില്ല. വൈവിധ്യമാണ് ഏകതയേക്കാൾ ജനാധിപത്യപരം. അതുകൊണ്ടാണ് പ്രാദേശിക രഷ്ട്രീയ പാർട്ടികളുടെ ബാഹുല്യത്തെ ജനാധിപത്യത്തിന്റെ ആരോഗ്യമായി നാം കരുതുന്നത്. പ്രാദേശിക സ്വത്വബോധങ്ങളുടെ കൂട്ടായ്മയിലൂടെ ഇന്ത്യൻ ദേശീയത പുഷ്ക്കലമാകുന്നതും അയൽ ദേശീയതകളുമായും ദൂരദേശീയതകളുമായും സഹവർത്തിത്വം പുലർത്തുന്നതും അതിലൂടെ ആഗോളശാന്തി പുലരുന്നതും നാം സ്വപ്നം കണ്ടു. ആ സ്വപ്നത്തിൽ മനുഷ്യർ മാത്രമായിരുന്നില്ല അടിസ്ഥാനമായുണ്ടായിരുന്നത്; ഭൂമിയിലെ എല്ലാ ജീവജാലങ്ങളും അചേതനവസ്തുക്കളും അടിസ്ഥാനഘടകങ്ങൾ തന്നെയാണ്. എന്നാൽ ഭൂമിയിലെ ജീവന്റെയും ലോകജനതകളുടെയും ഇന്ത്യൻ സമകാലീനജീവിതാവസ്ഥയെയും കേരളീയ ജീവിതത്തെയും വിലയിരുത്തുമ്പോൾ ഈ സ്വപ്നത്തിൽ യാതൊരു കാമ്പുമില്ലെന്ന് ദുഃഖത്തോടെ മനസ്സിലാക്കാനാവും; പ്രത്യേകിച്ചും പതിനഞ്ചാം ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് വേളയിൽ. എല്ലാം ഗ്രഹസനമായും ദുരന്തമായും ആവർത്തിക്കുകയാണ്.




അറുനൂറിൽപരം നാട്ടുരാജ്യങ്ങളെ ഏകീകരിച്ചാണ് ഭാഷാസംസ്ഥാനങ്ങളുടെ രൂപീകരണംവഴി ഇന്ത്യൻ റിപ്പബ്ലിക് രൂപം കൊണ്ടത്. ആറു പതിറ്റാണ്ടുകളിലൂടെ കടന്നുപോയപ്പോൾ, നാം കണ്ടത് ജനാധിപത്യത്തിലൂന്നിയ ഉപദേശീയതകളുടെ പുതിയൊരു കൂട്ടായ്മയോ ജാതീയമായ നവോത്ഥാനമോ വർഗീയതകളുടെ ഉച്ചാടനമോ അല്ല. പഴയ നാട്ടുരാജ്യങ്ങൾക്കു പകരം പുതിയ കച്ചേരികോയ്മകളും വിഭാഗീയതകളും നാട്ടുമുഖ്യന്മാരും സാമന്തന്മാരും തിരിച്ചുവരികയാണ്. തങ്ങളുടേതായ അധികാരത്തിന്റെ നാട്ടുരാജ്യങ്ങൾ കെട്ടിപ്പൊക്കി, അതിന് വിലപേശുന്ന പ്രാദേശിക പാർട്ടികളാണ് ഇന്ത്യയിലെ ഓരോ സംസ്ഥാനത്തും. ജനകീയ പ്രശ്നങ്ങളിലൂന്നിയ അവയുടെയെല്ലാം ഭൂതകാലരൂപങ്ങൾ കെട്ടുപോകുകയും പകരം പരമാവധി അധികാരവും അഴിമതിയിലൂടെ സമ്പത്തും കെട്ടിപ്പൊക്കുകയുമായി അവയുടെ ലക്ഷ്യങ്ങൾ. വിപ്ലവ കമ്മ്യൂണിസ്റ്റ് പാർട്ടികൾ, ദളിത് വിമോചനകക്ഷികൾ, ദ്രാവിഡ രാഷ്ട്രീയകക്ഷികൾ, കോൺഗ്രസ് പോലുള്ള ദേശീയ പാർട്ടികൾ, സോഷ്യലിസ്റ്റ് പാർട്ടികൾ- ഇവയെല്ലാം പിളർന്നത്

ഏതെങ്കിലും ആശയത്തിന്റെ സംഘർഷത്താലല്ല, ഒട്ടുമിക്ക കേസ്സുകളിലും. നേതാക്കന്മാരുടെ അഹന്തകളും ധാർഷ്ട്യങ്ങളുമാണ് അവയെ പിളർത്തിവലുതാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിലും തമിഴ്നാട്ടിലും ആന്ധ്രയിലും ബീഹാറിലും ഒറീസ്സയിലും മഹാരാഷ്ട്രയിലും ഹിന്ദി പ്രവിശ്യകളിലും വടക്ക് കിഴക്കൻ മേഖലകളിലും ദിവസേനരൂപപ്പെട്ടുകൊണ്ടിരിക്കുന്ന രാഷ്ട്രീയകക്ഷികൾ ഏതെങ്കിലും ജനാധിപത്യബോധത്തിന്റെ മൂല്യങ്ങളിലല്ല പ്രവർത്തിക്കുന്നത്. അധികാരം മാത്രമാണ് അവയെ നിലനിർത്തുന്നത്. Power dynamics. ഇ.എം.എസ്., കരുണാനിധി, ജയലളിത, ചന്ദ്രബാബു നായിഡു, ലാലു-മുലായം, യാദവന്മാർ, മായാവതി, പവാർ, സോണിയ തുടങ്ങിയ നേതാക്കളെല്ലാം തന്നെ ജനാധിപത്യത്തോടല്ല ആഭിമുഖ്യം പുലർത്തുന്നത്; അധികാരത്തോടാണ്. ദളിതനും, വൈശ്യനും, ശൂദ്രനും, യാദവനും, ബ്രാഹ്മണനും, മുസ്ലീമിനും, ഹിന്ദുവിനും, കൃസ്ത്യാനിക്കും ഇക്കാര്യത്തിൽ യാതൊരുതര വ്യത്യാസവുമില്ല. കോൺഗ്രസ്സിനും ബി.ജെ.പിക്കും കമ്മ്യൂണിസ്റ്റിനും വ്യത്യാസമില്ലാത്തതുപോലെ. വർഗ്ഗീയമായും ജാതീയമായുമായുള്ള എല്ലാത്തരം പ്രീണനങ്ങളും ഇവയുടെ പൊതുസ്വഭാവമാണ്. 1984 ൽ സിഖുകാരെ കൂട്ടക്കൊലചെയ്യാൻ ആസൂത്രണം നടത്തിയ ജഗദീഷ് ടൈലറും 2002 ൽ മുസ്ലീങ്ങളെ കൂട്ടക്കൊല ചെയ്യാൻ നേതൃത്വം നൽകിയ നരേന്ദ്രമോഡിയും കുടുംബാധിപത്യം നിലനിർത്താൻ ശ്രമിക്കുന്ന കരുണാനിധിയും സോണിയയും വെറും ഉദാഹരണങ്ങൾ മാത്രം. ദളിതന്റെ പേരിൽ വോട്ടുനേടുന്ന മായാവതിയും ശൂദ്രനുവേണ്ടി വാദിക്കുന്ന യാദവന്മാരും ദരിദ്രനുവേണ്ടി വാദിക്കുന്ന പിണറായിമാരും എല്ലാം അഴിമതിയിലോ അധികാര ദുർവിനിയോഗത്തിലോ ഒട്ടും പിന്നിലല്ല. ഇക്കാര്യത്തിൽ ദളിതനെന്നോ ബ്രാഹ്മണനെന്നോ മുസ്ലീമെന്നോ ഹിന്ദുവെന്നോ വ്യത്യാസമില്ല. പ്രാദേശിക നേതാവു മുതൽ ദേശീയനേതാവുവരെയുള്ളവർ, ഒരു തരത്തിൽ

നാട്ടുമുഖ്യന്മാരും ദേശമുഖ്യന്മാരുമാണ് പഴയ നാട്ടുരാജ്യങ്ങൾ, പുതിയ അധികാരസമവാക്യങ്ങളിലൂടെ ഇന്ത്യയെന്നെ ജനാധിപത്യത്തെ അട്ടിമറിച്ചുകൊണ്ടിരിക്കുകയാണ്. വർഗീയ വിഷം ആളിക്കത്തിക്കുന്ന അഡ്വാനിമാരും തൊഗാഡിയമാരും വരുൺഗാന്ധിമാരും ദേശസ്നേഹികളായി വാഴ്ത്തപ്പെടുന്നു. ഗുണ്ടകളും കൊലയാളികളുമായ രാഷ്ട്രീയക്കാർ സ്ഥാനാർത്ഥികളും മന്ത്രിമാരുമായി അവരോധിക്കപ്പെടുന്നു.

ഇതുവരെയില്ലാതിരുന്ന ഒരു പുതിയ രാഷ്ട്രീയ ജീർണ്ണതയാണ് കേരളത്തിലുള്ളത്. പഴയതുപോലെ മതവും ജാതിയും നോക്കിയാണ് സ്ഥാനാർത്ഥിനിർണ്ണയം. അന്യസംസ്ഥാനങ്ങളിൽ ന്യൂനപക്ഷമായ ക്രിസ്ത്യൻ സമുദായം കേരളത്തിൽ എക്കാലത്തും അധികാരത്തിന്റെ കൂടെയാണ്. കാടുകൾ വെട്ടിപ്പിടിക്കുന്നതിലും ആരോഗ്യവും വിദ്യാഭ്യാസവും അറവുശാലകളാക്കി മാറ്റുന്നതിലും ഈയടുത്ത കാലത്ത് ക്രിസ്ത്യൻ പൗരോഹിത്യം വഹിക്കുന്ന പങ്ക് ഞെട്ടിപ്പിക്കുന്നതാണ്. കേരളരാഷ്ട്രീയത്തെ മുൾമുനയിൽ നിർത്താൻ ഇവർക്ക് അധികാരഗർവും ആസ്തിയുമുണ്ട്. അതുപോലെത്തന്നെയാണ് കേരളത്തിൽ അധികാരം എക്കാലത്തും പങ്കിട്ടിട്ടുള്ള മുസ്ലീം സമുദായത്തിന്റെയും കഥ. കേരളത്തിന്റെ ഇക്കോണമിയെ വെളുപ്പിലും കറുപ്പിലും അമ്മാനമാടുന്നതിൽ ഈ സമുദായത്തിന് അധികാര ബലമുണ്ട്. കേരളരാഷ്ട്രീയം നിലനിൽക്കുന്നത് പ്രബലരായ ഈ രണ്ടു മതസമുദായങ്ങളെ പ്രീണിപ്പിച്ച് തങ്ങൾക്കൊപ്പം നിലനിർത്തുന്നതിലൂടെയാണ്. കോൺഗ്രസ്സും മാർക്സിറ്റു പാർട്ടിയും ഇതിന്നായി മത്സരിക്കുന്നു. രാഷ്ട്രീയ ധാർമ്മികകതയിൽ ഒരേ നാണയത്തിന്റെ ഇരുപുറങ്ങളായി നിന്നിട്ടുള്ള കരുണാകരനും ഇ.എം.എസ്സുമാണ് കൃസ്ത്യൻ-മുസ്ലീം പ്രീണനസമവാക്യം രൂപപ്പെടുത്തി അധികാരം കൊയ്യുന്നതിൽ വിജയിച്ചവർ. കരുണാകരൻ തനി നെറികേടിലൂടെ അത് ചെയ്തിരുന്നെങ്കിൽ, ഇ.എം.എസ് അതിന് വരട്ടുസൈദ്ധാന്തിക വാദത്തിന്റെ വിരൽ മറകൾ ചമച്ചു. സൈദ്ധാന്തിക തലച്ചോറില്ലാത്ത ഈ.എം.എസ്സാണ് പിണറായി വിജയൻ.; ഇ.എം.എസ്സിന്റെ ബാഹ്യമായ ഗാന്ധിയൻ ലാളിത്യവും അദ്ദേഹത്തിനില്ല. ഒരു ലാവ്‌ലിൻ കേസ്സിൽ ഇ.എം.എസ്സ് ഒരിക്കലും കുടുങ്ങുമായിരുന്നില്ല. എന്നാൽ പാർട്ടിയും പി.ഡി.പിയുമായുള്ള അധികാരസമവാക്യം ഇ.എം.എസ്സിലൂടെ വിജയനിലെത്തുന്നതാണ്. മദനിയും മഹാത്മാഗാന്ധിയും മതമൗലികവാദികളാണെന്ന ഇ.എം.എസ്സ് മന്ത്രം വിജയനിലെത്തുമ്പോൾ മദനി മതനിരപേക്ഷകനായി മാറുകയാണ്. അങ്ങിനെകേരളരാഷ്ട്രീയത്തിൽ ക്രിസ്ത്യൻ വോട്ടും മുസ്ലീം വോട്ടും മാത്രമല്ല ഹിന്ദുവോട്ടും ഉണ്ടെന്നത് ഈ തെരഞ്ഞെടുപ്പിലൂടെ തെളിയിക്കപ്പെട്ടേയ്ക്കാം. അതിന്റെ മെച്ചം ഹിന്ദുവർഗ്ഗീയവാദികൾക്കായിരിക്കില്ല എന്ന് മാത്രം.

ജനാധിപത്യത്തിന്റെ ധാർമ്മിക പ്രതിസന്ധിയിൽ ഏതെങ്കിലും തരത്തിലുള്ള പ്രതിരോധ ആന്റിനെകൾ മലയാളി.യിൽ അവശേഷിക്കുന്നുണ്ടോ? മനുഷ്യാവകാശപ്രസ്ഥാനങ്ങൾ, ജനകീയ പ്രതിരോധസംഘടനകൾ, പൗരാവകാശ കൂട്ടായ്മകൾ? അവയെ ചലിപ്പിക്കാൻ ഊർജ്ജമുള്ള ബുദ്ധിജീവികൾ? സാംസ്കാരിക പ്രവർത്തകർ ? ആനുകാലികങ്ങൾ? പത്രങ്ങൾ? ഇല്ല, ഇല്ലയെന്ന് വേദനയോടെ പറയാൻ മാത്രമേ നമുക്ക് കഴിയുന്നുള്ളു. ജനകീയമായ ഒരു പ്രതിരോധത്തിന്റെ ചെറുതിരിയും ഈ അന്ധകാരത്തിൽ, നിരാലംബരായ, നിസ്സഹായരായ മനുഷ്യർക്ക് തുണയായില്ല. ഹിംസയുടെ ആക്രന്ദനമാണ് ചുറ്റിലും, ഉള്ളിലും. ആർത്തിയുടെ നീരാളിപ്പിടുത്തത്തിലാണ് സാധാരണക്കാരൻ. ഒന്നും അറിയുന്നില്ല അവർ; അറിയാൻ ചെവികൊടുക്കുന്നില്ല; കണ്ണ് തുറക്കുന്നില്ല. അതാണ് നമ്മുടെ ദുരന്തവും.

ലിറ്റിൽ മാസിക തപാൽ കാർഡ് കാമ്പയിൻ

## രാഷ്ട്രീയ പാർട്ടികൾക്ക് ഒരു കത്ത്!

Postcard Campaign

താഴെ കൊടുത്ത വരികൾ പോസ്റ്റ് കാർഡിൽ പകർത്തി രാഷ്ട്രീയ പാർട്ടി നേതൃത്വത്തിന് അയക്കാമോ?

മണ്ണിനെ നശിപ്പിക്കുന്ന ഫ്ളക്സ്/പ്ലാസ്റ്റിക് ബാനറുകളും ബോർഡുകളും ഇത്തവണത്തെ തെരഞ്ഞെടുപ്പ് പ്രചരണത്തിൽ നിന്ന് ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ...

സെക്രട്ടറി, സി.പി.ഐ(എം) സംസ്ഥാനകമ്മിറ്റി, എ.കെ.ജി സെന്റർ, തിരുവനന്തപുരം

പ്രസിഡണ്ട്, കെ.പി.സി.സി, ഇന്ദിരാഭവൻ, തിരുവനന്തപുരം

നമ്മുടെ രാഷ്ട്രീയ പാർട്ടികൾക്ക് കഴിയില്ല എന്ന് തന്നെ നമുക്ക് വിശ്വസിക്കാം.